**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2641** **22-01-2021 - ൽ മറുപടിയ്ക്ക്**

**പട്ടികവർഗ്ഗ ഊരുകളിൽ റിപ്പോർട്ട് ചെയ്ത ശിശുമരണങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി. പി. സജീന്ദ്രൻ | | Shri A. K. Balan<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെൻററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത പട്ടികവർഗ്ഗ ഊരുകളിൽ/ കോളനികളിൽ 2016-ന് ശേഷം ഓരോ വർഷവും എത്ര ശിശുമരണങ്ങളാണ് റിപ്പോർട്ട് ചെയ്തതെന്ന് അറിയിക്കുമോ; | (എ) | 2016-ന് ശേഷം പട്ടികവർഗ ഊരുകൾ/കോളനികൾ എന്നിവയിലുണ്ടായ ശിശുമരണങ്ങളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | ഏത് കോളനിയിൽ/ ഊരുകളിലാണ് കൂടുതൽ ശിശുമരണം റിപ്പോർട്ട് ചെയ്തതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കോളനിയിൽ ആരോഗ്യവകുപ്പിന്റെ പ്രത്യേക ശ്രദ്ധ ലഭിക്കുന്നതിന് പട്ടികവർഗ്ഗ വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ ? | (ബി) | പട്ടികവർഗ ഊരുകൾ/കോളനികൾ എന്നിവയിലുണ്ടായ ശിശുമരണങ്ങളുടെ വിവരം ശേഖരിച്ച് നൽകുന്നതാണ്. ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി പട്ടിക വർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യ നീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയും വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു. അട്ടപ്പാടിയിൽ പാചകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി. വനിതാ ശിശുവികസന വകുപ്പിനു കീഴിൽ കുട്ടികൾക്കും കൗമാരപ്രായക്കാരായ പെൺകുട്ടി കൾക്കും പോഷകാഹാര വിതരണം. പരമ്പരാഗത കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് മില്ലെറ്റ് വില്ലേജ് പദ്ധതി. സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നതിന് സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി. അലോപ്പതി ഒ.പി. ക്ലിനിക്കുകൾ, മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ, ന്യൂട്രീഷ്യൻ റിഹാബിലി റ്റേഷൻ സെന്ററുകൾ. ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിന് ജനനി ജന്മരക്ഷാ പദ്ധതിയിൽ ഗർഭാവസ്ഥയുടെ മൂന്നാം മാസം മുതൽ ശിശുവിന് ഒരു വയസ്സാകുന്നത് വരെ പോഷകാഹാര ലഭ്യത ഉറപ്പുവരുത്തുകയും കൂടാതെ നവജാത ശിശുക്കൾക്ക് പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നതും പദ്ധതിയിൽ ഉൾപ്പെടുത്തുന്നു. |

| | | | |
|---|---|---|---|
| | | | സിക്കിൾസെൽ അനീമിയ രോഗികൾക്ക് സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതി. വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി. മുലയൂട്ടുന്ന അമ്മമാർക്ക് പ്രത്യേക പരിചരണങ്ങൾ ലഭ്യമാക്കുന്നതിനായി അട്ടപ്പാടിയിൽ "വാത്സല്യ സ്പർശം” എന്ന പേരിൽ പദ്ധതി നടപ്പിലാക്കുന്നുണ്ട്. അട്ടപ്പാടിയിലെ കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗി കളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം ഉണ്ട്. കൂടാതെ 24 മണിക്കൂർ കാഷ്വാലിറ്റി - ലാബ്, മരുന്ന് വിതരണം സംവിധാനങ്ങളും ഐ.സി.യു സംവി ധാനവും ഉണ്ട്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ, ഓപ്പറേഷൻ തിയറ്റർ, രക്തബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികിത്സയും ഉണ്ട്. പ്രതിമാസ കുത്തിവെയ്പ്പ് നൽകൽ, നവജാത ശിശു സംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾ സെൽ അനീമിയ ക്ലിനിക്ക്, കൗൺസിലിംഗ്, മാനസികരോഗ, ക്ഷയരോഗ – അരിവാൾ രോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ഈ ആശുപത്രി യിൽ നടത്തിവരുന്നു. പോഷകാഹാരക്കുറവുള്ള കുട്ടികളേയും ഗർഭിണി കളേയും കണ്ടെത്തുന്നതിനായും ചികിത്സിക്കുന്ന തിനായും പ്രത്യേക സ്ക്രീനിംഗ് ക്യാമ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ കുട്ടികൾക്കും ഗർഭിണികൾക്കുമായി അയൺ ഫോളിക് ആസിഡ് വിതരണവും കൃത്യമായി നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ